(സി) നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമിട്ട തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവർത്തനക്ഷമമായ 12 മത്സ്യബന്ധന തുറമുഖങ്ങളും 19 ഫിഷ്‌ലാഡിംഗ് സെന്ററുകളും ഉണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി പല ഘട്ടങ്ങളിലായി വിലയിരുത്തുന്നുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ എന്നിവർ പല ഘട്ടങ്ങളിലായി സ്ഥല പരിശോധന നടത്തുകയും പുരോഗതി വിലയിരുത്തുന്നതിനായി പ്രതിമാസ അവലോകന യോഗങ്ങൾ ഡിവിഷൻ/സർക്കിൾ/ചീഫ് എഞ്ചിനീയറുടെ കാര്യാലയം എന്നിവിടങ്ങളിൽ നടത്തുന്നുമുണ്ട്. കൂടാതെ സെക്രട്ടറി തലത്തിലും മന്ത്രിതലത്തിലും അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ കുടിശ്ശിക

146 (T3778) ശ്രീ.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്തി നോട്ടീസിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഭവന വായ്പ, തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ, ടി തുക എഴുതിത്തള്ളുന്ന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നില്ല എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ ;

(ബി) 2012-ൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അപേക്ഷ നൽകി 11-7-2014-ൽ തുക അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് ജില്ലാ ബാങ്കിൽനിന്ന് ലഭിച്ചു. എന്നാൽ ബാങ്കിൽനിന്ന് തുക ലഭ്യമാകാൻ സർക്കാരിന്റെ പുതിയ ഉത്തരവ് ആവശ്യപ്പെടുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2007-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം വായ്പ തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ കടമില്ലാതെ ആശ്വാസം നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ല.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടങ്ങളിൽ സഹകരണ വകുപ്പ് ആഡിറ്റിംഗ് നടത്തി അർഹത ഉണ്ടെന്ന് വകുപ്പ് തലത്തിൽ കണ്ടെത്തുന്ന തുക ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിലാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വരവ് വച്ച് നൽകുന്നത്. തുക നൽകാൻ പുതിയ ഉത്തരവിന്റെ ആവശ്യകത ഉള്ളതായി എവിടെയും വ്യക്തമാക്കിയിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ വായ്പാ തിരിച്ചടവിന് ഇളവുകൾ

147 (3779)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം കാലാവധി എന്നാണ് പൂർത്തിയായത് ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വഴി പ്രഖ്യാപിച്ച ഇളവുകൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണമെന്നറിയിക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തിരിച്ചടവിന് പ്രഖ്യാപിച്ച ഇളവുകൾ അടിയന്തരമായി നൽകുന്നതിനും ജപ്തി നടപടികളിൽനിന്നും രക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും 31-12-2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മോറട്ടോറിയം കാലാവധി ഉണ്ട്.